# ST .TERESA'S HIGH SCHOOL, VAZHAPPALLY



# ACADEMIC MASTER PLAN 2025-26

# ആമുഖം

കോട്ടയം ജില്ലയുടെ ഏകദേശം തെക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന ചങ്ങനാശേരി സബ് ജില്ലയിലെ വിദ്യാലയമാണ് വാഴപ്പള്ളി സെന്റ് തെരേസാസ് H S . കലാ കായിക സാംസ്കാരിക രംഗത്ത് ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ച കൊണ്ട് വിദ്യാഭ്യാസത്തിന്റെ കാലോചിതമായ പ്രയാണത്തോടൊപ്പം ഈ വിദ്യാലയം യാത്ര ചെയ്യുന്നു. SSLC പരീക്ഷയിൽ വർഷങ്ങളായി 100 %വിജയം കരസ്ഥമാക്കി സാമൂഹിക പ്രതിബദ്ധതയോടെ നല്ല പൗരന്മാരെ വാർത്തെടുക്കുന്നു. സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ് മത്സാരാപരീക്ഷകൾക്കു പരിശീലനം നൽകുകയും മികവാർന്ന നേട്ടം കൈവരിക്കുകയും ചെയ്യുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ടു അക്കാദമിക രംഗത്തും, കലാ രംഗത്തും , കായികരംഗത്തും ഒരു പോലെ ഒരു പോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. ഓരോ പ്രവർത്തനത്തെയും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് **PTA** യുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ ,നാട്ടുകാർ , ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പ വരുത്താൻ കഴിയുന്നു.
സ്കൂൾ ക്യാമ്പസ് പരിസ്ഥിതി സൗഹൃദവും ശിശുസൗഹൃദവുമായ പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നു. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണകരമായ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ , അത് നൽകുവാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമ്മുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ

........................

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യു ജില്ലാ | : | കോട്ടയം |
| സ്കൂൾ കോഡ് | : | 33080 |
| സ്കൂളിന്റെ പേര് | : | സെന്റ് തെരേസാസ് ഹൈസ്കൂൾ |
| സ്കൂളിന്റെ മേൽവിലാസം | : | വാഴപ്പള്ളി പി .ഓ .<br>ചങ്ങനാശേരി<br>കോട്ടയം ജില്ല |
| പിൻകോഡ് | : | 686103 |
| ഫോൺ നമ്പർ | : | 0481-2400360 |
| ഇ - മെയിൽ അഡ്രസ് | : | stteresashsvzhy@gmail.com |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| സബ്ജില്ല | : | ചങ്ങനാശേരി |
| ക്ലാസുകൾ | : | 5 - 10 |
| മാനേജ്മന്റ് | : | എയ്ഡഡ് |
| പഠനമാധ്യമം | : | മലയാളം , ഇംഗ്ലീഷ് |
| സ്കൂൾ ഹെഡ്മിസ്ട്രസ് | : | റെവ.സി. ആനി മാത്യു ആലഞ്ചേരിൽ |
| പി ടി എ പ്രസിഡന്റ് | : | ശ്രീ ജീൻ വി സോജൻ |
| എം പി ടി എ പ്രസിഡന്റ് | : | ശ്രീമതി റഹ്മത് പി എച്ച് |
| ആകെ അധ്യാപകർ | : | 33 |
| ആകെ അനധ്യാപകർ | : | 5 |
| ആകെ ആൺകുട്ടികൾ 5 -10 വരെ | : | 647 |
| ആകെ പെൺകുട്ടികൾ 5 -10 വരെ | : | 356 |

## അക്കാദമിക വികസന ലക്ഷ്യങ്ങൾ

1 . ഭാഷാശേഷി വികസനം

2 . ഇംഗ്ലീഷ് പഠനം രസകരവും എളുപ്പവുമാക്കൽ

3 . വായന ശേഷി വികസിപ്പിക്കൽ

4 . ചതുഷ്ക്രിയ ഉറപ്പിക്കൽ

5 . ഗണിതത്തോടുള്ള താല്പര്യം വർധിപ്പിക്കൽ

6 . ശസ്ത്രപോഷണം

7 . ലൈബ്രറി ശാക്തീകരണം

8 . ജൈവ പാർക് ഒരുക്കൽ

9 . U S S , ദിശ, NMMS , NTS തുടങ്ങിയ സ്കോളർഷിപ് പരീക്ഷ പരിശീലനം

10 . സ്കൂൾ SRG

11 . പ്രവർത്തിപരിചയ പരിശീലനം Mariamjyothi

12 . കലാ കായിക പരിശീലനം

13 . പച്ചക്കറിത്തോട്ടം

14 . സ്കൂൾവിക്കി

15 . ദിനാചരണങ്ങൾ

16 . YIP

17 . I T പഠനം കാര്യക്ഷമമാക്കൽ

18 . ക്ലാസ് PTA കാര്യക്ഷമമാക്കൽ

19 . ശാസ്ത്ര , ഗണിതശാസ്ത്ര , SS , IT , പ്രവൃത്തിപരിചയ മേളകൾ

20. സൃഷ്ടി

## പാഠ്യപദ്ധതി നേട്ടങ്ങൾ

കഴിഞ്ഞ കുറെ വർഷങ്ങളായി **S S L C** പരീക്ഷയിൽ **100 %** വിജയം സ്കൂൾ കൈവരിക്കുന്നു. വിവിധ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് **remedial coaching** പ്രത്യേക timetable പ്രകാരം നൽകി വരുന്നു. **DISHA , USS ,NMMS** തുടങ്ങിയ സ്കോളര്ഷിപ്പുകൾക്കു കുട്ടികൾക്ക് പരിശീലനം നൽകുന്നു.സ്കൂളിൽ പ്രവർത്തിക്കുന്ന

വിവിധ യൂണിറ്റുകളിലായി വിദ്യാർത്ഥികൾക്ക് സമൂഹത്തിന്റെ വിവിധ മേഖലകളിൽ എത്തിച്ചേരുന്നതിനുള്ള മികച്ച പരിശീലനം നൽകി വരുന്നു.

## പഠ്യേതരപദ്ധതി നേട്ടങ്ങൾ

### ഭൗതിക നേട്ടങ്ങൾ

കുട്ടികൾക്ക് ഉച്ചഭക്ഷണം ഒരുക്കുന്ന കിച്ചൻ ഭാഗം ഇന്റർലോക്ക് ചെയ്തു. കുട്ടികളുടെ സൈക്കിൾ ഷെഡ് വിപുലമാക്കി മോടി പിടിപ്പിച്ചു. കുട്ടികൾക്കും അധ്യാപകർക്കും വെവ്വേറെ വാട്ടർ പ്യൂരിഫൈർ സ്ഥാപിച്ചു.

### സാമൂഹികനേട്ടങ്ങൾ

സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനാ യൂണിറ്റുകൾ അവയുടെ വിവിധ തരം പ്രവർത്തനങ്ങളിലൂടെ സ്കൂളും സമൂഹവും തമ്മിൽ നല്ല ബന്ധം ഉറപ്പിക്കുന്നതിനു സഹായിക്കുന്നു. ലഹരി ബോധവത്ക്കരണ തെരുവുനാടകം ,റാലികൾ, മീഡിയ ക്ലാസുകൾ , ട്രാഫിക് നിയന്ത്രണം, വൃക്ഷതൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി മുന്നോട്ടു പോകുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാതാപിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത, ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഇവയിൽ ബോധവത്ക്കരണം നൽകി വരുന്നു. ലയൺസ് ക്ലബ് പോലെയുള്ള സംഘടനകളോട് സഹകരിച്ചു സാമ്പത്തികമായും മറ്റും പിന്നോട്ട് നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നു. സ്കൂളിൽ തന്നെ പ്രവർത്തിക്കുന്ന വിൻസെന്റ് ഡി പോൾ എന്ന സംഘടന വഴിയും കുട്ടികൾക്ക് സാമ്പത്തികസഹായം നൽകുന്നു. ഏപ്രിൽ , മെയ് മാസങ്ങളിൽ സ്കൂളിലെ സ്പോർട്സിൽ താല്പര്യം ഉള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും **Football , Handball , Hockey** എന്നിവയിൽ വിദഗ്ധ കോച്ചുമാരെ വച്ച് പരിശീലനം നൽകുകയും കായികമേളക്കായി നല്ല രീതിയിൽ ഒരുക്കുകയും ചെയ്യുന്നു.

## ഭൗതികസൗകര്യങ്ങൾ

ഹൈസ്കൂളിനായി പുതുതായി പണി കഴിപ്പിച്ച മനോഹരമായ കെട്ടിടത്തിൽ 23 ക്ലാസ് മുറികളുമുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം മുപ്പതോളം കമ്പ്യൂട്ടറുകളുമുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## മറ്റു സൗകര്യങ്ങൾ

- അത്യാധുനിക സ്കൂൾ കെട്ടിടം.
- ഹൈ ടെക് സ്മാർട്ട് ക്ലാസ്സ് റൂമുകൾ.
- സയൻസ് ലാബ്.
- യു പി, ഹൈ സ്കൂൾ വിഭാഗത്തിന് സർവ്വ സജ്ജമായ പ്രത്യേക കമ്പ്യൂട്ടർ ലാബുകൾ.
- കായിക പരിശീലനത്തിന് വിശാലമായ മൈതാനം.
- പൊതു പരിപാടികൾക്കും അസ്സംബ്ലിക്കുമായി ബൃഹത്തായ ഓഡിറ്റോറിയം.
- സെമിനാർ/കോൺഫറൻസ് ഹാൾ.
- ഔഷധ സസ്യ ,പച്ചക്കറി തോട്ടം
- ഫുഡ് വേസ്റ്റ്, പേപ്പർ വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് (മാലിന്യസംസ്കരണം )

## സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ

1 . NCC
2 . Scout
3 . Guiding
4 . Red Cross
5 . Little Kites
6 . Eco Club
7 . Teens ക്ലബ്

8. Health club
9. വിമുക്തി ക്ലബ്
10. Sports Club
11. വിദ്യാരംഗം
12. Film Club
13. Quiz Club
14. രാഷ്ട്രഭാഷ ക്ലബ്
15.Social Science Club
16. Maths Club
17. Science Club
18. Mother Theresa Charitable Community

## ദിനങ്ങൾ, ദിനാചരണങ്ങൾ

**ജൂൺ**

**സമഗ്രഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട് ജൂൺ 2 -14 വരെ നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

- ബോധനവൽക്കരണ ക്ലാസ്സുകൾ
- കൗൺസിലിംഗ് (കുട്ടികൾ, മാതാപിതാക്കൾ)
- മോറൽ സയൻസ് ക്ലാസ്സുകൾ
- ഡിജിറ്റൽ മീഡിയ

**ജൂൺ 2 തിങ്കൾ : പ്രവേശനോത്സവം**

ചങ്ങനാശേരി എക്സൈസ് മേഖല ഉദ്യോഗസ്ഥൻ ബഹുമാനപെട്ട ശ്രീ. രാജേഷ് സാർ ഈ വർഷം സ്കൂളിലേക്ക് പുതിയതായി കടന്നു വന്ന എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും വലിയ സാമൂഹ്യ വിപത്തായ ലഹരിയെ കുറിച്ച് ബോധവത്ക്കരണം നൽകി.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി സപ്തദിന ബോധന യജ്ഞത്തിൽ അധ്യാപകരുടെ പങ്ക് വളരെ മികവുറ്റതായിരുന്നു.

**ജൂൺ 3 ചൊവ്വ :**

സമൂഹത്തിൽ കുട്ടികൾ പാലിക്കേണ്ട പെരുമാറ്റ മര്യാദകളെ കുറിച്ച് മലയാളം അധ്യാപിക ശ്രീമതി ജ്യോതി ആന്റണി കുട്ടികൾക്ക് ബോധവത്ക്കരണം നൽകി.

## ജൂൺ 4 ബുധൻ :

കുട്ടികൾ പാലിക്കേണ്ട ട്രാഫിക് നിയമങ്ങളെ കുറിച്ച് സോഷ്യൽ സയൻസ് അദ്ധ്യാപകൻ ശ്രീ സജിൻ എൻ കുട്ടികൾക്ക് മനോഹരമായ ക്ലാസ് നൽകി.

## ജൂൺ 5 വ്യാഴം :

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി പ്രസ്സ് ക്ലബ് പ്രസിഡന്റ് മിസ്റ്റർ ചാൾസ് പാലാത്ര വിദ്യാർത്ഥികൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്യുകയും സ്കൂൾ വളപ്പിൽ തൈകൾ നടുകയും ചെയ്തു. ബയോളജി അധ്യാപിക ശ്രീമതി സാലിമ്മ ടീച്ചർ ഇന്നത്തെ സമൂഹത്തിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗത്തെക്കുറിച്ചും അവയുടെ ദൂഷ്യഫലത്തെ കുറിച്ചും പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ബോധവത്ക്കരണ ക്ലാസ് നൽകി.

## ജൂൺ 9 തിങ്കൾ :

സ്കൂളിലെ ബയോളജി അധ്യാപിക റെവ . സിസ്റ്റർ ജെയ്സി ആരോഗ്യം, കായികം, വ്യായാമം എന്ന വിഷയത്തെ കുറിച്ച് കുട്ടികൾക്ക് ക്ലാസ് നൽകി. ഈ ദിനം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് മീറ്റിംഗ് കൂടി. ബഹുമാനപെട്ട ഹെഡ്മിസ്ട്രസ് സിസ്റ്റർ അനിജയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ വാർഡ് മെമ്പർ ശ്രീമതി പ്രിയ രാജേഷ് , ചങ്ങനാശേരി പോലീസ് സ്റ്റേഷൻ ഓഫീസർ ,ഇൻ ചാർജ് അദ്ധ്യാപകൻ ശ്രീ. സജിൻ N ,അധ്യാപക പ്രതിനിധികൾ ,PTA ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## ജൂൺ 10 : ചൊവ്വാ

ഡിജിറ്റൽ ചതിക്കുഴികളെക്കുറിച്ച് ഇംഗ്ലീഷ് അദ്ധ്യാപിക ശ്രീമതി മറിയം മെഡില ജോസ് കുട്ടികൾക്ക് ബോധവൽക്കരണം നടത്തി.

## ജൂൺ 13 വെള്ളി:

NCC എൻറോൾമെൻറ്

## ജൂൺ 19 വ്യാഴം : വായനാദിനം

വായനാദിനത്തോടനുബന്ധിച്ച് സ്കൂൾ അസംബ്ലി നടത്തി. അസ്സെംബ്ലിയിൽ പ്രസംഗം ,പാട്ട് ,കവിതാ പാരായണം,പുസ്തകാസ്വാദനം എന്നിവ നടത്തുകയും ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് സിസ്റ്റർ അനിജ ആലഞ്ചേരിൽ വായനാദിന സന്ദേശം നൽകുകയും ചെയ്തു.

## ജൂൺ 20 വെള്ളി :

വായനവാരത്തോടനുബന്ധിച്ച് വിവിധ മതഗ്രന്ഥങ്ങളിൽ നിന്ന് വിദ്യാർഥികൾ വായന നടത്തി. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് **B .Ed training teachers** ഭാഷാ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് തിരിച്ച് മലയാളഭാഷയിൽ തെറ്റുകൂടാതെ സംസാരിക്കുവാനും എഴുതുവാനുമുള്ള പരിശീലനം നൽകി. തുടർന്നുള്ള ദിവസങ്ങളിൽ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും അസംബ്ലി നടത്തി.

## ജൂൺ 25 ബുധൻ:

**Std VIII th** വിദ്യാർത്ഥികൾക്ക് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ സെലക്ഷൻ നേടുവാനുള്ള **LK** അഭിരുചി പരീക്ഷ നടത്തി .

## ജൂൺ 26 വ്യാഴം :ലഹരി വിരുദ്ധ ദിനം

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ഫ്ലാഷ് മൊബ് നടത്തി. ലഹരി വിരുദ്ധ സന്ദേശമടങ്ങുന്ന സൈൻ ബോർഡുകൾ സ്കൂളിൽ സ്ഥാപിച്ചു. ഓരോ കുട്ടിയിലും ലഹരി വിരുദ്ധ സന്ദേശം എത്തുന്ന വിധം കുട്ടികൾ വളരെ ഉച്ചത്തിൽ മുദ്രാവാക്യം ഏറ്റു ചൊല്ലി റാലി നടത്തി. ലഹരി വിരുദ്ധ ബോധവത്ക്കരണം ലക്ഷ്യം വച്ച് കുട്ടികൾക്ക് പ്ലക്കാർഡ് മത്സരംനടത്തി. അധ്യാപകരുടെയും കുട്ടികളുടെയും സുംബ നൃത്തം ശാരീരിക വ്യായാമത്തിന് ഉത്തമ മാതൃകയായി.

**PTA** ജനറൽ ബോഡി മീറ്റിംഗ് നടത്തി. **PTA** പ്രസിഡന്റ് ആയി ശ്രീ. ജിൻ വി സോജൻ , **MPTA** പ്രസിഡന്റ് ആയി റഫത് പി എച്ച് എന്നിവരെ

തെരഞ്ഞെടുത്തു. ആ ദിനത്തിൽ എടത്വ സെന്റ് അലോഷ്യസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ **ശ്രീ സിബിച്ചൻ ആലഞ്ചേരി 'കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്**'എന്ന വിഷയത്തെ കുറിച്ച് മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകി.

## ജൂൺ 30 തിങ്കൾ:

കുട്ടികളിൽ പരിസ്ഥിതിയോട് സ്നേഹവും സൗഹാർദ്ദവും ഉണർത്തുന്നതിന്റെ ഭാഗമായി **'ചങ്ങാതിക്കൊരു വൃക്ഷത്തൈ '** എന്ന പരിപാടി നടത്തി. സ്കൂൾ മുൻ **അധ്യാപകൻ ശ്രീ. റിജോമോൻ ,ഹെഡ്മിസ്ട്രസ് സിസ്റ്റർ അനിജ ആലഞ്ചേരിലിക്ക്** വൃക്ഷത്തൈ കൈമാറി ചടങ്ങ് ഉദ്ഘാടനം ചെയ്തു. കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് കൊണ്ടുവന്ന വൃക്ഷതൈകൾ സ്നേഹത്തോടെ പരസ്പരം കൈമാറി. ഈ ചടങ്ങ് കുട്ടികൾക്ക് പുതിയ ഒരു അനുഭവമായി.

## ജൂലൈ

## ജൂലൈ 5 ശനി :

**വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണദിനം** ആചരിച്ചു. അതിന്റെ ഭാഗമായി കുട്ടികൾ പുസ്തകാസ്വാദനം നടത്തി അസംബ്ലിയിൽ അവതരിപ്പിച്ചു.

## ജൂലൈ 7 തിങ്കൾ:

**U P S C Exam** എഴുതി ഉയർന്ന വിജയം നേടി **Indian Information Service** ഇൽ സേവനം ചെയ്യുന്ന , ഈ സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗം പൂർവ്വവിദ്യാർത്ഥിയും പൂർവ്വാധ്യാപികയുടെ മകളുമായ **ദിവ്യ ആൻ മാത്യു** ഹൈ സ്കൂൾ വിഭാഗം കുട്ടികൾക്ക് തന്റെ വിജയഗാഥ പങ്കു വച്ചു .ആ സ്നേഹ സന്ദേശം കുട്ടികളിൽ ലക്ഷ്യബോധം ഉറപ്പിക്കുവാൻ സാധിച്ചു.

പേപ്പട്ടി വിഷബാധയെ കുറിച്ചും നായുടെ കടിയേറ്റാൽ ചെയ്യേണ്ട അടിയന്തര ചികിത്സയെ കുറിച്ചും ആശാ വർക്കർ Bindu Madam ക്ലാസ് എടുത്തു.

## ജൂലൈ 8 ചൊവ്വ :

കുട്ടികൾക്ക് പോഷകാഹാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചങ്ങനാശേരി താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് ക്ലാസ് നൽകി.

## ജൂലൈ10 വ്യാഴം:

'സംവാദ ' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് ചങ്ങനാശേരി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കുട്ടികളും , അധ്യാപകരും സന്ദർശിക്കുകയും അവിടെവച്ച് STD X ലെ 30 കുട്ടികൾക്ക് കോടതിയിലെ വ്യവഹാരങ്ങളെ സംബന്ധിച്ച് ബെഞ്ച് ക്ലാർക്ക് ശ്രീ സുജിത് ബോധവത്ക്കരണ ക്ലാസ് നൽകുകയും ചെയ്തു. വ്യക്തിഗതമായി കുട്ടികളിൽ ഉണ്ടാകേണ്ട മൂല്യങ്ങൾ, തിന്മകൾക്ക് കൂട്ടുനിൽക്കാതിരിക്കൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിച്ചു. കോടതി പ്രവർത്തനങ്ങൾ ലൈവായി കാണാനും ഈ കുട്ടികൾക്ക് അവസരം ലഭിച്ചു.

**First Midterm exam (July 14-18)**

**ജൂലൈ 21 തിങ്കൾ:**

ചാന്ദ്രദിനവുമായി ബന്ധപ്പെട്ടു ക്വിസ്, ഉപന്യാസ മത്സരം എന്നിവ നടത്തി.

**ജൂലൈ 22 ചൊവ്വ :**

**Midterm evaluation result** ന്റെ വെളിച്ചത്തിൽ പഠനനിലവാരം ഉയർത്താൻ പരിഹാരബോധനം നൽകി.കുട്ടികളുടെ പഠന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് **Dr. Sreejith Nair – Clinical Psycologist ( Chethipuzha Hospital)** മാതാപിതാക്കൾക്ക് പ്രശ്നപരിഹാരബോധനം നൽകി.

**ജൂലൈ 31 , ഓഗസ്റ്റ് 1: സ്കൂൾ കലോത്സവം**

**ഓഗസ്റ്റ് 6 ബുധൻ :**

ഹിരോഷിമ ദിനാചരണത്തിന്റെ ഭാഗമായി **Xth student** Roshan *Joji* ആ ദിനത്തിലുണ്ടായ വിപത്തുകളെ കുറിച്ച് പ്രസംഗിച്ചു .കൂടാതെ അന്ന് നടത്തിയ [illegible]

poster making competition ഇൽ ഹൈസ്കൂളിൽ നിന്ന് **Xth** student Muhammed Akram,**VIIth** student Amaldev M എന്നിവർ ജേതാക്കളായി .

**ഓഗസ്റ്റ് 7 -14:**

**First term** exam revision (Std V-10).

ഓഗസ്റ്റ് 11 തിങ്കൾ :

ലഹരി ബോധവത്ക്കരണ നാടക പ്രദർശനം (ചങ്ങനാശേരി ലയൺസ് ക്ലബ്)

ഓഗസ്റ്റ് 14 വ്യാഴം :

ലഹരി വിരുദ്ധ പ്രതിജ്ഞ

ഓണസദ്യ (കുട്ടികൾക്കും മാതാപിതാക്കൾക്കും )

ഓഗസ്റ്റ് 15 വെള്ളി:

ഭാരതത്തിന്റെ 79th സ്വാതന്ത്ര്യദിനാഘോഷം .മുഖ്യാതിഥി -Sr .Maria (മുൻ പ്രിൻസിപ്പൽ)

ഓഗസ്റ്റ് 18 തിങ്കൾ: ഒന്നാം പാദവാർഷിക പരീക്ഷ ആരംഭിക്കുന്നു

ഓഗസ്റ്റ് 27 ബുധൻ: ഓണാഘോഷം

സെപ്റ്റംബർ 9 ചൊവ്വ :അധ്യാപക ദിനാചരണം
ഒക്ടോബർ 3 വെള്ളി : സേവനവാരം ആചരണം
ഒക്ടോബർ 9 വ്യാഴം :തപാൽ ദിനം
നവംബർ 14 വെള്ളി :ശിശുദിനം
ഡിസംബർ 19 വെള്ളി :ക്രിസ്മസ് ആഘോഷം
ജനുവരി 9 വെള്ളി :ലോക ഹിന്ദി ദിനം
ഫെബ്രുവരി 20 വെള്ളി :ലോക സ്കൗട്ട് ദിനം

# വിഷയാടിസ്ഥാനത്തിലുള്ള ആസൂത്രണം

# ACADEMIC MASTER PLAN MALAYALAM (U P)

| Sl:No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാനപരമായ ഭാഷാനൈപുണികളുടെ വികാസം സാധ്യമാക്കുന്നതിനായി അക്ഷരങ്ങൾ , പദം ,വാക്യം എന്നിവ സംബന്ധിച്ച് ശരിയായ ധാരണ കുട്ടികളിൽ രൂപീകരിക്കുക | ഭാഷാകേളി പാഠഭാഗങ്ങൾ ആവർത്തിച്ചു വായിക്കുന്നതിന് പരിശീലിപ്പിക്കുന്നു. ശ്രാവ്യവായനക്കുള്ള അവസരങ്ങൾ ക്ലാസ്സിൽ നല്കുന്നതിനോടൊപ്പം തുടർപ്രവർത്തനമായും നിർദേശിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| 2 | പഠിതാക്കളുടെ പദസമ്പത്തു വർധിപ്പിക്കുക | പദപരിചയം പാഠഭാഗങ്ങളിൽ നിന്നുള്ള നൂതന പാദങ്ങളും അവയുടെ അർത്ഥവും കണ്ടെത്തി നോട്ട് ബുക്കിൽ കുറിക്കുകയും അവ പഠിക്കുകയും ചെയ്യുന്നു | ജൂലൈ | മലയാളം അധ്യാപകർ |
| 3 | കുട്ടികൾ ചിത്രങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു ആശയാവതരണം നടത്തുക | വർണനാപാടവം പാഠഭാഗങ്ങളിൽ നിന്നുള്ള ചിത്രങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു ആശയങ്ങൾ മനസ്സിലാക്കുന്നതിനും അവ കൃത്യമായി അവതരിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നു | ആഴ്ചയിൽ 2 തവണ | മലയാളം അധ്യാപകർ |
| 4 | അക്ഷരജ്ഞാനത്തിന് അടിസ്ഥാനമിടുക | മലയാള അക്ഷരങ്ങളെ പറ്റി ധാരണ കുറവുള്ള കുട്ടികൾക്കായി പകർത്തെഴുത്ത് ,സംവിധാനം നടപ്പാക്കി അക്ഷരങ്ങൾ, പദങ്ങൾ എന്നിവ എഴുതിക്കുന്നു | ജൂലൈ | മലയാളം അധ്യാപകർ |
| 5 | പഠിതാവിൽ ആശയവിനിമയ ശേഷി , സംവേദന ക്ഷമത എന്നിവ വളർത്തുക | ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നതിന് ക്ലാസ്സിൽ അവസരം ഒരുക്കുന്നു. | എല്ലാ മാസവും | മലയാളം അധ്യാപകർ |
| 6 | ഭാഷയിലെ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ , അവയുടെ ഘടന എന്നിവയെപ്പറ്റി സാമാന്യ ധാരണ നിരൂപിക്കുന്നു | ആസ്വാദനക്കുറിപ്പ് ,കത്ത്, പത്രവാർത്ത,പോസ്റ്റർ എന്നിവ സ്വന്തമായി എഴുതാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. | എല്ലാ മാസവും | മലയാളം അധ്യാപകർ |
| 7 | വിദ്യാർഥികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുക | കഥ, കവിത, ഉപന്യാസം എന്നി രചനാ മത്സരങ്ങൾ നടത്തി കുട്ടികളുടെ സർഗ്ഗശേഷി വിലയിരുത്തി ആവശ്യമായ പ്രോത്സാഹനം നൽകുന്നു,അവരെ പരിശീലിപ്പിക്കുന്നു. | ഓഗസ്റ്റ് | മലയാളം അധ്യാപകർ |
| 8 | ഭാഷയിലെ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക | കത്ത്, നോട്ടീസ് (ക്ഷണക്കത്ത് ,കാര്യപരിപാടി)പോസ്റ്റർ, ആസ്വാദനക്കുറിപ്പ് ,ഉപന്യാസം എന്നിവയുടെ ഘടന പരിചയപ്പെടുത്തി അവ എഴുതുവാനും തയാറാക്കുവാനും കുട്ടികളെ പരിശീലിപ്പിക്കുന്നു | സെപ്റ്റംബർ | മലയാളം അധ്യാപകർ |
| 9 | മലയാള സാഹിത്യത്തെയും സാഹിത്യകാരന്മാരെയും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക | മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരന്മാർ, അവരുടെ കൃതികൾ എന്നിവയെകുറിച്ചു അധ്യാപകർ ക്ലാസ്സിൽ സംസാരിക്കുന്നു. അത്തരം കൃതികൾ വായിക്കാൻ വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുന്നു. സ്കൂൾ ലൈബ്രറി കൃത്യമായി ഉപയോഗിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. | ഒക്ടോബർ | |

| | | | | |
|---|---|---|---|---|
| 10 | ജന്മഭൂമിയോടും മാതൃഭാഷയോടുമുള്ള സ്നേഹം കുട്ടികളിൽ വളർത്തുക | കേരളപ്പിറവിയോടനുബന്ധിച്ചു മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിൽ വ്യത്യസ്ത പരിപാടികൾ ഉൾപ്പെടുത്തി കേരപ്പിറവി ദിനാചരണം നടത്തുന്നു. അതിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു | നവംബർ | മലയാളം അധ്യാപകർ |
| 11 | വിദ്യാർത്ഥികളിൽ വായനാശീലവും സാഹിത്യത്തിൽ രുചിയും വളർത്തുക | വിദ്യാർത്ഥികൾക്ക് വായിക്കാൻ ഉപയുക്തമായ പുസ്തകങ്ങൾ ശേഖരിച്ച ക്ലാസ് ലൈബ്രറി ഒരുക്കുന്നു. ക്ലാസ്സിൽ ഒരു പുസ്തകശാല എന്ന ഈ സംരംഭം വിദ്യാർത്ഥികൾക്ക് ഒഴിവുസമയങ്ങളിൽ വായനക്ക് അവസരം ഒരുക്കി കൊടുക്കുന്നു | ഡിസംബർ | |
| 12 | സർഗാത്മക രചനകൾ നടത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ഗ്രൂപ്പായി തിരിച്ചു ഓരോ ഗ്രൂപ്പ് അംഗങ്ങളും തങ്ങളുടെ സർഗ്ഗരചനകൾ തയാറാക്കി പതിപ്പാക്കി ക്ലാസ് ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നു | ജനുവരി | |
| 13 | വിദ്യാർത്ഥികളിൽ മാതൃഭാഷയോടുള്ള സ്നേഹം വളർത്തുക | ഫെബ്രുവരി 21 ലോക മാതൃഭാഷ ദിനത്തിന്റെ ഭാഗമായി വ്യത്യസ്ത പരിപാടികൾ ,മത്സരങ്ങൾ എന്നിവ ഉൾപ്പെടുത്തി മാതൃഭാഷാ ദിനാചരണം സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | മലയാളം അധ്യാപകർ |
| 14 | മാതൃഭാഷ , സാഹിത്യം എന്നിവയുടെ പഠനത്തിൽ ICT സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക | പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട സാഹിത്യകൃതികൾ , കേരളീയ കലാരൂപങ്ങൾ എന്നിവയുടെയും മറ്റും വീഡിയോ, ഓഡിയോ വീക്ഷിക്കുവാനും ശ്രവിക്കുവാനും കുട്ടികൾക്ക് അവസരം ഒരുക്കുന്നു | മാർച്ച് | മലയാളം അധ്യാപകർ |

# MASTER PLAN

## UP-ENGLISH

| OBJECTIVES | ACTIVITIES | MONTH | TEACHER IN CHARGE |
|---|---|---|---|
| TO IMPROVE THE LISTENING AND READING SKILL OF THE STUDENTS. | 1. **A Word a Day** Students are introduced to a new word every day. Meaning of the word is explained and the word is used in a sentence. | Daily | ENGLISH TEACHER |
| | 2. **Follow Me If You Can!** Students engage in activities that require careful observation and imitation to reinforce verbal instructions and actions. | JUNE | |
| | 3. **Breaking News** Students report recent events in a news format. This improves their ability to communicate information clearly. | JULY | ENGLISH TEACHER |
| | 4. **Treasure Hunt** Clue-based activity where students decode information to find hidden "treasures." Enhances logical thinking and team effort. | AUGUST | |
| | 5. **One Man Show** Solo performances where students take on roles or read aloud dramatically. Helps develop public speaking and expression. | SEPTEMBER | |
| | 6. **Leaning Ladder** Sequential storytelling and role-playing activities that encourage cooperation, comprehension, and oral fluency. | OCTOBER | |
| | | | |

| | | | |
|---|---|---|---|
| | 7. **Reader of the Month** Students are recognized for their reading habit and improvement. Motivates consistent reading practice. | EVERY MONTH | |
| IMPROVES THE WRITING SKILL OF THE STUDENTS | 8. **My Droplets** Students write short reflections or poems about their daily experiences. Builds creativity and personal expression. | NOVEMBER | |
| | 9. **Alert Zone** Creating awareness posters or messages about safety, environment, etc. Cultivates civic sense and responsibility. | DECEMBER | |
| TO IMPROVE THE CONFIDENCE LEVEL OF THE STUDENTS TO SPEAK ENGLISH FLUENTLY | 10. **Run Baby Run** Relay-based reading or speaking games. Encourages speed, accuracy, and fun. Reading the words written in a chart once and rewriting it on another chart without mistakes. | JANUARY | |
| | 11. **Fun Time .** Word games, puzzles, and fun quizzes. Aimed at reinforcing language in an enjoyable way. | PERIODICALLY | |
| | 12. **Role Play Activities** Students perform small skits based on daily life. Helps in using English practically. | IMPORTANT DAYS | |
| | 13. **Student-led Programs** Opportunities for students to lead, present, and conduct classroom activities. | FEBRUARY | |
| | | | |

# ACADEMIC MASTER PLAN SCIENCE (U P)

| Sl:No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ബോധവത്ക്കരണം | പോഷകാഹാരത്തെ കുറിച്ചുള്ള ബോധവത്ക്കരണം | ജൂൺ | ശാസ്ത്ര അധ്യാപകർ |
| 2 | Food fest | വിവിധ പോഷകാഹാരങ്ങൾ ഉൾക്കൊള്ളിച്ചുള്ള Food fest | ജൂൺ | ശാസ്ത്ര അധ്യാപകർ |
| 3 | ബോധവത്ക്കരണം | രക്ഷിതാക്കൾക്ക് പോഷകാഹാരത്തെ കുറിച്ച് ബോധവത്ക്കരണം | ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 4 | മാതൃകാ നിർമാണം | കോമ്പസ് നിർമാണം | ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 5 | Demonstration | ഹെൽത്ത് ഡിപ്പാർട്മെന്റിൽ നിന്നുള്ളവരുടെ നേതൃത്വത്തിൽ പ്രഥമശുശ്രൂഷയെ കുറിച്ച് | ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ |
| 6 | കരകൗശലവസ്തു നിർമാണ | ബാഹ്യാസ്ഥികൂടങ്ങൾ ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണം | സെപ്റ്റംബർ | ശാസ്ത്രഅധ്യാപകർ |
| 7 | മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവത്ക്കരണം | ആരോഗ്യ പ്രവർത്തകരെ കൊണ്ട് ബോധവത്ക്കരണ ക്ലാസ് Dry Day ആചരണം | ഒക്ടോബർ | ശാസ്ത്ര അധ്യാപകർ |
| 8 | Field trip | ജലശുദ്ധികരണ പ്ലാന്റ് സന്ദർശനം | നവംബർ | ശാസ്ത്ര അധ്യാപകർ |
| 9 | ശാസ്ത്ര അവബോധം വളർ | ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചു ശാസ്ത്ര ലൈബ്രറി | ഡിസംബർ | ശാസ്ത്ര അധ്യാപകർ |
| 10 | ബോധവത്ക്കരണ ക്ലാസ്സുക | കൗമാര ആരോഗ്യം, ഹൃദയാരോഗ്യം എന്നിവയെ കുറിച്ച് ക്ലാസുകൾ | ജനുവരി | ശാസ്ത്ര അധ്യാപകർ |
| 11 | പ്രൊജക്റ്റ് അവതരണം | ഭക്ഷണങ്ങളിലെ മായം കണ്ടെത്തുക എന്നതുമായി ബന്ധപ്പെട്ട് പ്രൊജക്റ്റ് അവതരണം | ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ |
| 12 | Revision | Revision | മാർച്ച് | ശാസ്ത്ര അധ്യാപകർ |

# ACADEMIC MASTER PLAN U P - HINDI

| Sl:No: | പ്രവർത്തനങ്ങൾ | കാല | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക | പ്രതിദിന | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വർധിപ്പിക്കൽ , |
| 2 | കുട്ടികളെ കൊണ്ട് ചിത്രനിഘണ്ടു തയ്യാറാക്കിക്കുക | ജൂൺ – മാർച്ച് | 5 | ഹിന്ദി അധ്യാപകർ | അധിക പിന്തുണ ആവശ്യമുള്ളവർക്ക് ഉറപ്പാക്കൽ |
| 3 | ഹിന്ദി പത്രികകൾ (വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി )തയ്യാറാക്കുക | ജൂൺ - | 6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വർധിപ്പിക്കൽ , |
| 4 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ വീഡിയോ പ്രദർശിപ്പിക്കുക | ജൂൺ – മ | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വർധിപ്പിക്കൽ , |
| 5 | ഹിന്ദി വാർത്തകൾ കേൾക്കാനും വായിക്കാനുമുള്ള [illegible] | 6 മാ | 6,7 | ഹിന്ദി അധ്യാപകർ | അധിക പിന്തുണ ആവശ്യമുള്ളവർക്ക് ഉറപ്പാക്കൽ |
| 6 | ഹിന്ദിയിലുള്ള കഥ, കവിത, ചിത്രകഥ, ഡയറിക്കുറിപ്പ് എന്നിവ വായിപ്പിക്കുക | ആഴ്ച യിൽ ഒരു പ്രാവി ശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വർധിപ്പിക്കൽ , |

# ACADEMIC MASTER PLAN – MATHS (U P)

| | SI:NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|---|
| 1 | 1 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിലേക്ക് കൊണ്ട് വരുക | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ, ജൂലൈ,ഓഗസ്റ്റ് | ഗണിത അധ്യാപകർ, ഗണിതത്തിൽ സമർത്ഥരായ കുട്ടികൾ |
| 2 | 2 | ഗണിത പഠനം എളുപ്പമാക്കുക | ഗണിത ലാബ് ഗണിത പഠനം എളുപ്പമാക്കാൻ ലാബ് നിർമാണം, ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ഗണിതരൂപ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു | സെപ്റ്റംബർ | ഗണിത അധ്യാപകർ |
| 3 | 3 | പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ട് വരുക | ഗണിത കേളി ഗണിതത്തിലെ പിന്നോക്കക്കാരെ മുന്നിലെത്തിക്കാൻ കളി , പാട്ട് , ജോമെട്രിക്കൽ പാറ്റേൺ, മോഡൽ നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു | ഒക്ടോബർ | ഗണിത അധ്യാപകർ, ഗണിതത്തിൽ സമർത്ഥരായ കുട്ടികൾ |
| 4 | 4 | കുട്ടികൾക്ക് ഗണിതത്തിലുള്ള താല്പര്യം വർധിപ്പിക്കുക | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത കളി രീതികൾ പരിശീലിപ്പിക്കുന്നു | നവംബർ | പഠനത്തിൽ മുൻപിൽ നിൽക്കുന്ന കുട്ടികൾ |
| 5 | 5 | സാങ്കേതിക വിദ്യകളുടെ പരിശീലനം കുട്ടികൾക്ക് നൽകുക | ഗണിത സാങ്കേതിക വിദ്യകൾ കൂടുതലായി പരിശീലിപ്പിക്കുന്നു | ഡിസംബർ | ഗണിത അധ്യാപകർ |
| | 6 | ഗണിത ലാബ് നവീകരണം | ഗണിത ലാബ് ബൃഹത്താക്കുന്നു | ജനുവരി | ഗണിത അധ്യാപകർ,കുട്ടികൾ |
| | 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പുരോഗതി വർധിപ്പിക്കുക | പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കാനായി കൂടുതൽ വർക്ഷീറ്റുകൾ നൽകുന്നു | ഫെബ്രുവരി | ഗണിത അധ്യാപകർ |
| | 8 | കുട്ടികളിലെ ഗണിതത്തോടുള്ള താല്പര്യം വർധിപ്പിക്കുക | കുട്ടികൾക്ക് ക്ലാസ്സ്മുറികളിൽ ഗ്രൂപ്പ് തിരിച്ചു ക്വിസ് നടത്തി ഗണിതത്തിൽ താത്പര്യം വർധിപ്പിക്കുന്നു | മാർച്ച് | കുട്ടികൾ (അധ്യാപകന്റെ മേൽനോട്ടത്തിൽ ) |

# ACADEMIC MASTER PLAN – SOCIAL SCIENCE (U P)

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പഠിതാക്കളിൽ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ഹിരോഷിമ ദിനത്തോടനുബന്ധിച്ചു കുട്ടികൾക്ക് സ്കൂൾ തലത്തിൽ പോസ്റ്റർ നിർമാണ മത്സരം സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ് എന്ന വിഷയത്തിൽ ക്ലാസ്സുകളിൽ സംവാദം സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3 | നല്ല ഭക്ഷണശീലങ്ങളെ കുറിച്ചും ഭക്ഷണം പാഴാക്കരുത് എന്നതിനെ കുറിച്ചുമുള്ള ബോധ്യം പഠിതാക്കളിൽ ഉളവാക്കുന്നതിന് | ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ചു ഭക്ഷണം അമൂല്യമാണ് , അത് പാഴാക്കരുത്, എന്ന സന്ദേശം ഉൾക്കൊള്ളുന്ന റാലി സംഘടിപ്പിക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ കുറിച്ച് കുട്ടികളിൽ അവബോധം ജനിപ്പിക്കുക | കേരളത്തിന്റെ തനതായ ഭക്ഷണ രീതി, വസ്ത്രധാരണം, ഭാഷ, ആഘോഷങ്ങൾ എന്നിവയെ കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നു | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | ലോക ഭൂപടം കുട്ടികളെ പരിചയപ്പെടുത്തുക | അറ്റ്ലസ് നിരീക്ഷിച്ചു ഭൂഖണ്ഡങ്ങൾ, ലോകരാജ്യങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 | ദേശസ്നേഹവും സാമൂഹ്യ അവബോധവും കുട്ടികളിൽ ഉണർത്തുക | സ്വാതന്ത്ര്യ സമര സേനാനികൾ, സ്വാതന്ത്ര്യ സമര ചരിത്രങ്ങൾ എന്നിവ ICT സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 7 | കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും ബോധവാന്മാരാക്കുക | കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും ബോധവാന്മാരാക്കുന്നതിനായി ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8 | കേരളത്തിലെ നവോത്ഥാന നായകന്മാരെ നവോത്ഥാന ചരിത്രത്തെയും കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | കേരളത്തിലെ നവോത്ഥാന നായകന്മാരെ കുറിച്ച് ആൽബം തയ്യാറാക്കാൻ കുട്ടികളെ സഹായിക്കുന്നു | മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

www.apluseducare.blogspot.com or Whatsapp 9746544422

മേഖല : അക്കാദമികം  ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

| | ACADEMIC MASTERPLAN H S ENGLISH | | | |
|---|---|---|---|---|
| Areas | Activities | Period | Duty | Economic evaluation |
| To enable the students to communicate effectively in good English | Foundation in English activity,writing workshops | June | English teachers | |
| Developing presentation skills. | Reading non fiction texts, grammar learning | July | English teachers | |
| To give more importance to spoken English | Spoken English classes, English library renovation, Corner story time, English assembly | Vacation ,Saturday August | English teachers, PTA | PTA,Management |
